## VERSION - B

**I. Multiple Choice (1 to 10)** ഒരുശരിഉത്തരം തെരഞ്ഞെടുക്കുക. (ഓരോ ചോദ്യത്തിനും $^1/_2$ മാർക്ക് വീതം)

1. സൺ ക്ലോക്ക് തുറന്ന് സമയമേഖല അടയാളപ്പെടുത്തിയ ലോക ഭൂപടം പ്രദർശിപ്പിക്കാൻ മെനുബാറിലെ ഏത് ബട്ടൺ അമർത്തണം ?
   (a) C (b) M (c) ! (d) >
2. വെബ്ഹോസ്റ്റിംഗ് താഴെപ്പറയുന്നതിൽ ഏതാണ് ?
   (a) വെബ്സൈറ്റുകൾ ഡിസൈൻ ചെയ്യുന്ന പ്രവർത്തനം
   (b) ആശയങ്ങളും വിവരങ്ങളും ഇന്റർനെറ്റിൽ കൈമാറുന്ന പ്രവർത്തനം
   (c) വെബ്സൈറ്റുകൾ സെർവറുകളിൽ സ്ഥാപിക്കുന്ന പ്രവർത്തനം
   (d) ഒരു സൈബർ കുറ്റകൃത്യം
3. വിക്കിമാപ്പിയയിൽ നിങ്ങളുടെ വീടിന്റെ സ്ഥാനം അടയാളപ്പെടുത്താനായി ഏത് ടൂൾ ഉപയോഗിക്കാം.?
   (a) Search (b) Add label (c) Add legend (d) Add place
4. താഴെപ്പറയുന്നതിൽ ഭൂവിവര വ്യവസ്ഥാ സോഫ്റ്റ് വെയറിൽപ്പെടാത്തതേത് ?
   (a) Quantum GIS (b) Sun clock (c) Arc GIS (d) GRASS
5. ഒരു വെബ് ബ്രൗസർ ജാലകം തുറന്ന് അഡ്രസ് ബാറിൽ 216.58.197.35 എന്ന IP വിലാസം കൊടുത്താൽ ഏത് വെബ്സൈറ്റാണ് തുറന്ന് വരുന്നത് ?
   (a) google.com (b) bsnl.in (c) irctc.com (d) itschool.gov.in
6. വികസന പ്രവർത്തനങ്ങൾ നടത്തുമ്പോൾ സ്ഥാനീയ വിവരങ്ങൾക്കുണ്ടാകുന്ന ആഘാതം മുൻകൂട്ടി വിശകലനം ചെയ്യാൻ ക്യൂജിസിലെ ഏത് സങ്കേതം ഉപയോഗിക്കുന്നു.
   (a) ജിയോ റഫറൻസിംഗ് (b) ബഫറിങ്ങ് (c) ജിയോ പ്രോസസിംഗ് (d) ടോഗിൾ എഡിറ്റിംഗ്
7. വെബ് ബ്രൗസറിൽ ടൈപ്പ് ചെയ്യുന്ന വെബ് വിലാസത്തെ IP വിലാസമായി മാറ്റുന്നതിന് ഇന്റർ നെറ്റിൽ പ്രവർത്തിക്കുന്ന സംവിധാനം
   (a) host (b) URL (c) http (d) DNS
8. ക്യൂജിസ് സോഫ്റ്റ് വെയറിൽ ലെയർ ടൈപ്പായി പോളിഗൺ ഉപയോഗിക്കുന്നത് താഴെപ്പറയുന്നതിൽ ഏത് അടയാളപ്പെടുത്താനാണ് ?
   (a) നദി (b) കിണർ (c) കുളം (d) റോഡ്
9. താഴെപ്പറയുന്നതിൽ സ്വതന്ത്ര നവസാമൂഹികമാധ്യമമേത് ?
   (a) face book (b) twitter (c) whatsapp (d) diaspora
10. ക്യൂജിസിൽ ഉൾപ്പെടുത്തിയ ഒരു പഞ്ചായത്തിന്റെ ഔട്ട് ലൈൻ ഭൂപടം വസ്തുനിഷ്ഠമാക്കാൻ ഏത് സങ്കേതം ഉപയോഗിക്കണം.
    (a) ജിയോ റഫറൻസിംഗ് (b) ബഫറിംഗ് (c) ജിയോപ്രോസസിംഗ് (d) ടോഗിൾ എഡിറ്റിംഗ്

$(5 \times {}^1/_2 = 5)$

**II. Very Short Answer (11 - 15)** ഒരു ശരിയുത്തരം തെരഞ്ഞെടുക്കുക (ഓരോ ചോദ്യത്തിനും 1 മാർക്ക് വീതം)

11. ക്യൂജസിൽ ഉൾപ്പെടുത്തിയ പഞ്ചായത്ത് ഭൂപടത്തിലെ ഒരു റോഡിന്റെ വീതി 5 m കൂട്ടി buffer_road എന്ന പേരിൽ പാളി നിർമ്മിക്കാനുള്ള ശരിയായ പ്രവർത്തനക്രമം തെരഞ്ഞെടുക്കുക.
    (a) Identify Features Tool ഉപയോഗിച്ച് ബഫർ ചെയ്യേണ്ട റോഡ് തെരഞ്ഞെടുക്കുക
    (b) Select Single Feature Tool ഉപയോഗിച്ച് ബഫർ ചെയ്യേണ്ട റോഡ് തെരഞ്ഞെടുക്കുക
    (c) Toggle Editing Tool ഉപയോഗിച്ച് ബഫർ ചെയ്യേണ്ട റോഡ് തെരഞ്ഞെടുക്കുക
    (d) Vector → Analysis Tool → Buffer(s) ക്രമത്തിൽ ക്ലിക്ക് ചെയ്ത് പ്രവർത്തനം ചെയ്യുക
    (e) Vector → Geoprocessing Tools → Buffer(s) ക്രമത്തിൽ ക്ലിക്ക് ചെയ്ത് തുടർപ്രവർത്തനം ചെയ്യുക
12. താഴെപ്പറയുന്നതിൽ സ്വതന്ത്ര ഭൂവിവര വ്യവസ്ഥ സോഫ്റ്റ് വെയറുകൾ ഏതൊക്കെയാണ്?
    (a) GRASS (b) Open Street map (c) Wiki mapia (d) Arc GIS (e) Quantum GIS
13. ഒരു വെബ്സൈറ്റ് കൃത്യമായി തുറന്ന് വരുന്നതിന് താഴെപ്പറയുന്നതിൽ ഏതൊക്കെ ടൈപ്പ് ചെയ്താൽ മതി ?
    (a) key word (b) IP address (c) style tag (d) host name (e) html tag
14. കൊളാബറേറ്റീവ് മാപ്പിങ്ങുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതെല്ലാം ?
    (a) ക്യൂജിസ് ഒരു കൊളാബറേറ്റീവ് മാപ്പാണ്
    (b) ഓപ്പൺ സ്ട്രീറ്റ് മാപ്പ് ഒരു കൊളാബറേറ്റീവ് മാപ്പാണ്
    (c) ഉപഭോക്താക്കളിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനമാക്കിയാണ് കൊളാബറേറ്റീവ് മാപ്പ് തയ്യാറാക്കുന്നത്
    (d) ഉടമസ്ഥർക്ക് മാത്രമെ വിവരങ്ങൾ തിരുത്താൻ അവകാശമുള്ളു
    (e) ഉപഭോക്താക്കൾക്ക് ഇതിലെ വിവരങ്ങൾ തിരുത്താൻ അവകാശമില്ല
15. സൺ ക്ലോക്ക് മെനുബാറിലെ സൗകര്യങ്ങൾ സംബന്ധിച്ച ശരിയായ പ്രസ്താവനകൾ തെരഞ്ഞെടുക്കുക
    (a) ഉത്തരായന രേഖ ദൃശ്യമാക്കാനും അദൃശ്യമാക്കാനും M അമർത്തണം
    (b) പ്രധാന അക്ഷാംശ രേഖകൾ ദൃശ്യമാക്കാനും അദൃശ്യമാക്കാനും T അമർത്തണം
    (c) രാത്രിയും പകലും വേർതിരിവ് കാണാനും ഒഴിവാക്കാനും N അമർത്തണം
    (d) ലീഗൽ സമയം ലഭിക്കാൻ S അമർത്തണം
    (e) ദക്ഷിണായന രേഖ ദൃശ്യമാക്കാനും അദൃശ്യമാക്കാനും M അമർത്തണം